**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 100** **07-10-2021 - ൽ മറുപടിയ്ക്ക്**

**നോക്കുകൂലി നിരോധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ് | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | നോക്കുകൂലി നിരോധിച്ചുകൊണ്ടുള്ള 2018 -ലെ കേരള ഹൈക്കോടതി വിധി നടപ്പിലാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ; | (എ) | 2018-ൽ നോക്കുകൂലി നിരോധിച്ചുകൊണ്ട് കേരള ഹൈക്കോടതി വിധി വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചുമട്ടു തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യ പ്രവണതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഏതു സാഹചര്യത്തിലും ചെയ്യാത്ത ജോലിയ്ക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമ വിരുദ്ധമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ 30/04/2018-ൽ ജി.ഒ.(ആർ.ടി) നമ്പർ 511/2018/തൊഴിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എങ്കിലും ചില സമയങ്ങളിൽ നോക്കുകൂലി ആവശ്യപ്പെട്ടു എന്ന പരാതി വരാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ തൊഴിൽ വകുപ്പ് അടിയന്തരമായി ഇടപെട്ട് പ്രശ്നപരിഹാരം കാണാറുണ്ട്. ചുമട്ടുതൊഴിൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ചുമട്ടു തൊഴിലാളികൾ നോക്കുകൂലി വാങ്ങിയതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ(4) അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദു ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. നോക്കുകൂലി നിരോധിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിച്ചിട്ടു ള്ളതിനാൽ പൊതു ജനങ്ങൾക്ക് ഇടയിൽ അവബോധം ഉണ്ടായിട്ടുണ്ട്. ചുമട്ടു തൊഴിലാളി യൂണിയൻ പ്രതിനിധികൾ, വ്യാപാരി വ്യവസായ പ്രതിനിധികൾ എന്നിവർക്ക് ഇത് സംബന്ധിച്ച് നേരിട്ടും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ചുമട്ടു തൊഴിലാളി ക്ഷേമബോർഡ് മുഖേനയും ബോധവൽക്കരണം നടത്തിയിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് |

| | | | |
|---|---|---|---|
| | | | മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനത്തെ ചുമട്ടുതൊഴിൽ മേഖലയിലെ യൂണിയൻപ്രതിനിധികളുടെ യോഗത്തിൽ നോക്കുകൂലി സംബന്ധിച്ച പരാതികൾ വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യുമെന്നും, ഇത്തരം അനഭിലഷണീയമായ പ്രവണതകൾ ഒരു തരത്തിലും അനുവദിക്കില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിധിയെത്തുടർന്ന് സംസ്ഥാനത്ത് നോക്കുകൂലി നിരോധിച്ചിട്ടും ഇത്തരം സംഭവങ്ങൾ വീണ്ടും ഉണ്ടാകുന്നതിനെ ഹൈക്കോടതി വിമർശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | നോക്കുകൂലിയുടെ പേരിൽ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നതിലും നടപടി സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ടോ; | (സി) | ഇല്ല. നിയമപ്രകാരം നോക്കുകൂലി കുറ്റകരവും ശിക്ഷാർഹവുമായതിനാൽ കുറ്റക്കാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യാറുണ്ട്. |
| (ഡി) | നോക്കുകൂലി വിവാദങ്ങൾ സംസ്ഥാനത്തെക്കുറിച്ച് തെറ്റായ ധാരണകൾ പരത്തുകയും വ്യവസായ സൗഹൃദ അന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു എന്ന കോടതിയുടെ വിമർശനം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (ഡി) | നോക്കുകൂലിയുമായി ബന്ധപ്പെട്ട വിഷയം സംസ്ഥാനത്തെകുറിച്ച് തെറ്റായ ധാരണകൾ പരത്തുന്നതിനോ വ്യവസായ സൗഹൃദാന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കുകയോ ചെയ്തിട്ടില്ല. നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച് പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങി കൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ(4) അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ചുമട്ടു തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ നേതാക്കളെ ഉൾപ്പെടുത്തി കിലെയുടെ നേതൃത്വത്തിൽ നോക്കുകൂലിയ്ക്കെതിരെയുള്ള ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ